



# ഇ. നാരായണൻ എന്ന കവിയെക്കുറിച്ച്

ഇടശ്ശേരി

അന്ന് ശുക്ലസപ്തമിയാണ്. 1117 മകരം 26-ാം തിയ്യതി. *പടിഞ്ഞാറ് കടലിനു മുകളിൽ വിളർത്തും ക്ഷീണിച്ചും മനോഹരമായ ചന്ദ്രക്കല തൂങ്ങിനിൽക്കുന്നു. അത് ആ തിരയടിക്കുന്ന നാശഗർത്തത്തിലേയ്ക്ക് കാണെക്കാണെ പതിക്കുകയാണ്. കുളിർത്ത കാറ്റ് ശക്തിയോടുകൂടി വീശി, അതാകട്ടെ, അനാവൃതമായ ആ നദീതടത്തിലൂടെ ശക്തിയിൽ പായുന്നു. കൈറാന്തലുകളുടെ നാളങ്ങൾ അകത്ത് കാറ്റുകടന്ന് ഇടയ്ക്കിടെ പാളുന്നുണ്ട്.

മരവിപ്പ്! തണുപ്പും ചൂടും അറിയാൻ കഴിയാത്ത മരവിപ്പ് ഞാനും വേലായുധൻകുട്ടിയും രാമനും തരിച്ചുനിൽക്കുന്നു. വേറെ നാലഞ്ചാളുകൾ കുഴി വെട്ടുകയാണ്. ഉതിർന്നിടിയുന്ന മണലിൽ ഒരു മനുഷ്യശരീരം മൂടിവെയ്ക്കാൻ വേണ്ട വലിപ്പത്തിലുള്ള ഒരു കുഴി.

ഞങ്ങൾ അദ്ദേഹത്തിന്റെ പാർശ്വങ്ങളിൽ നിന്നു. പുഴത്തിണ്ടിൽ ചാരി വെച്ച മഞ്ചലിൽക്കിടന്ന് ആ ചെറിയ മനുഷ്യൻ ദീർഘനിദ്രകൊള്ളുകയാണ്.

വേലായുധൻ കുട്ടിയുടെയും രാമന്റെയും മുഖത്തേയ്ക്ക് ഞാൻ നോക്കി. കണ്ണീരിൽ കലുഷമായ കൊച്ചുമുഖങ്ങൾ. ഞാൻ ആ കണ്ണീർ തുടച്ചില്ല. അവർ ഇനിയുമധികം കരയാനിരിക്കുന്നേയുള്ളൂ. ഇപ്പോൾ അവർ അവരെ ഏതിലുമേറെ സ്നേഹിച്ച, വിലമതിച്ച സ്വന്തം ജ്യേഷ്ഠസഹോദരന്റെ വിരഹമോർത്താണ് കരയുന്നത്. ഞാനതു കണ്ടു. അത് കാണാൻ നന്ന്. സ്നേഹത്തിന്റെ പേരിൽ ഹൃദയം പൊട്ടിപ്പൊട്ടിവരുന്ന കണ്ണീരൊഴുക്ക് പാവനഗംഗയാണ്. ഈ ഭാരതപ്പുഴയേക്കാളും ഭൂമിയിലുള്ള ഏതൊരു ദിവ്യതീർത്ഥത്തെക്കാളും പാവനമാണ്. ശുദ്ധിപ്രദമാണ്. അവർ കരയട്ടെ. പക്ഷേ, അവരിനിയും കരയും സ്വന്തം നിസ്സഹായതയുടെ പേരിലായിരിക്കും ഇനിയും കരയുക. ഈ വിരഹം അതിന് background ആയി പിൻതള്ളി നിൽക്കും. അവർ കണ്ണീരൊഴുകുന്ന കൊച്ചുമിഴികൾ തുറന്ന് എന്റെ നേർക്കുനോക്കും-ഞാൻ അന്നാ കണ്ണീർ തുടയ്ക്കുമോ? എന്റെ കൈയ്ക്ക് അതിനുവേണ്ട കരുത്തുണ്ടാകുമോ? ഛെ, വിവേകശാലിത എന്ന് അഹങ്കരിക്കുന്ന എന്റെ വിചാരഗതി, സന്ദർഭോചിതമല്ലാത്ത നിസ്സാരതകളിലേക്കാണ് പായുന്നതെന്ന് ഞാൻ കണ്ടുപിടിച്ചു. ഒന്നു രണ്ട് അനുജന്മാരുടെയോ ചിറ്റകറ്റ ഒരു വലിയ കുടുംബത്തിന്റെയോ രക്ഷകേടല്ല, എനിക്കനുഭവപ്പെടുന്ന നഷ്ടം. അതെല്ലാം ഭാവി - നാളെ പുലർന്നുവെങ്കിൽ നേരിടേണ്ട നിസ്സാരതകൾ. പക്ഷേ, ഈ ഒരാളോട് എനിക്കുള്ള ബന്ധങ്ങൾ-അതിനിനി പുലരലില്ല!

ഞാനൊന്നുകൂടി മരവിച്ചു. ആ മഞ്ചലിലേക്ക് ഞാനൊരിക്കൽക്കൂടി നോക്കി. ഹാ, ആ ദേഹം മുറുകെത്തഴുകി ആ നദീതടത്തിൽക്കിടന്ന് ഉറക്കെയുറക്കെ ഒന്നു കരയണം. പക്ഷേ, കരച്ചിൽ പുറപ്പെടുന്നില്ല. ആ ദേഹമൊന്നു തഴുകാൻ കൈ ഇളകുന്നില്ല. അതെല്ലാം ഭ്രാന്താണെന്ന് ആരോ ജൽപ്പിക്കുന്നു. ശ്വാസനാളം കടയുകയാണ്. അതിപ്പോൾ പൊട്ടും.

നഷ്ടം! ഒരിക്കലും നികത്താനാവാത്ത നഷ്ടം!

ഈ നദീതടത്തിൽക്കിടന്നാണ് ഞങ്ങൾ വളർന്നത്. എന്നും ഞങ്ങളിവിടെ എത്താറുണ്ട്; രാത്രി വളരെ വൈകുംവരെ ഈ മരവിപ്പിക്കുന്ന കാറ്റും മഞ്ഞുമേറ്റ് ഇവിടെ അടുത്തടുത്തിരുന്ന് സൊള്ളാറുണ്ട്. സല്ലപിക്കാറുണ്ടെന്നു പറയട്ടെ - അതാണ് ശരി. മറ്റു സുഹൃത്തുക്കളുമുണ്ടായിരുന്നു. ആ സൊള്ളലിൽനിന്നാണ് ഒരു സെറ്റ് ചെറുപ്പക്കാർ 'കണ്ണും തിരിയും വെച്ച്' മുതിർന്നു പോന്നത്. ആ രംഗങ്ങൾ എന്റെ മനസ്സിലേയ്ക്ക് തള്ളിക്കയറി വരുന്നു.

ഇ. നാരായണൻ. ഞങ്ങളുടെ ആ ചെറിയ സുഹൃത്സംഘത്തെ സജീവമാക്കിയിരുന്ന പൊൻതരിയാണത്!

മറ്റൊരു സ്നേഹശീലനെക്കൂടി ഞാനിവിടെ സ്മരിക്കട്ടെ-ഇ. കുമാരൻ. കുമാർ എന്നപേരിൽ മൂന്നുനാലു ചെറുകഥകളും മധുരമധുരമായ ചില കൊച്ചു കവിതകളും എഴുതാൻ മാത്രമേ ആ ചെറിയ ജീവിതകാലം നീണ്ടു നിന്നുള്ളൂ. മലയാളമേ, നിന്റെ കണ്ണിൽനിന്ന് ഒരു കൊച്ചുനീർത്തുള്ളി കൂടി!

അങ്ങനെ, ഇ. നാരായണൻ, ഇ. കുമാർ, പി.സി. കുട്ടികൃഷ്ണൻ, ഇതെഴുതുന്ന ആൾ - ഞങ്ങൾ ആ പുഴവക്കിൽ സമ്മേളിക്കാത്ത നാളുകൾ ഉണ്ടായിട്ടില്ല. ഞങ്ങളുടെ ചിന്താഗതിയിലും സൗന്ദര്യബോധത്തിലും ഇത്രയധികം സ്വാധീനത ചെലുത്തിയിരുന്ന മറ്റൊരു ഭൂവിഭാഗവുമില്ല.

ഞാനും നാരായണനും പതിവായി നേരത്തെ എത്തും. ഞങ്ങൾ ആ മണൽത്തിട്ടിലിരുന്നിട്ടുവേണം പൊന്നാനി അഴിമുഖത്ത് സൂര്യഗോളത്തിന് മെല്ലെമെല്ലെത്താഴാൻ. ഇരുട്ടിലോ നിലാ



**ഇ. നാരായണൻ എന്ന കവിയെക്കുറിച്ച്**

ഇടശ്ശേരി



വിലോ ഞങ്ങളെ വിട്ടുകൊണ്ട് ആ സുവർണഗോളം നിത്യവും വെള്ളത്തിൽ താണു. അന്നൊരിക്കലും ഈ രണ്ടാളിൽ ഒരാൾ, ശേഷിച്ചവനെ ഇരുട്ടിൽ വിട്ടുകൊണ്ട് താണുപോകുമെന്ന് തോന്നിയിരുന്നെങ്കിൽ!

എന്നും, ഒരൊഴികഴിവോടുകൂടി താമസിച്ചേ പി.സി. വരൂ. ഇന്നത്തെ ആ പുരോഗമനക്കാരനിൽ, അന്ന് യാഥാർത്ഥ്യബോധത്തിന്റെ ഒരു കണികയുമില്ല. സ്വപ്നം കാണുന്ന കണ്ണുകളും സഗൗരവമായ മുഖവുമായി ആ പൊക്കം കൂടിയ വിദ്യാർത്ഥി മെല്ലെമെല്ലെ നടന്ന് ഞങ്ങളെ സമീപിക്കും. പിന്നിൽ പുഞ്ചിരികൊള്ളുന്ന കുമാർ ഉണ്ടാവും. അയാൾ അന്ന് പി.സി.യുടെ ഒരഭേദ്യഘടകമാണ്.

ആ ഗൗരവക്കാരൻ പി.സി. തികച്ചും സൗന്ദര്യാരാധകനാണ്; ഇ. നാരായണനാകട്ടെ, തികച്ചും ശക്ത്യുപാസകനും. അതേ, അയാളുടെ ജീവിതത്തിൽ ദുർബലമായ ഒരു നിമിഷമുണ്ടായിട്ടില്ല. കൂട്ടത്തിൽ പ്രായം കൂടിയ എനിക്ക്, സാഹിത്യത്തിൽ മാത്രമല്ല, ജീവിതത്തിന്റെ എല്ലാ തുറകളിലും അവൻ ഒരു ബലിഷ്ഠഭിത്തിപോലെ ചാരു തന്നിട്ടുണ്ട്. പ്രബലതയാണോ ജീവിതജാമ്യം? എങ്കിൽ എന്റെ സുഹൃത്തേ, എന്റേതിനേയും അതിജീവിച്ച നീ എത്ര വർഷം നീണ്ടു നിലനിൽക്കേണ്ടവനാണ്!

ശക്തി! അതെന്തിനു ജാമ്യമായാലും അയാൾ മാനസികമായി തികച്ചും ശക്തനായിരുന്നു. ഞങ്ങൾ പരിചയപ്പെട്ടിട്ട് രണ്ട് കൊല്ലം കഴിഞ്ഞില്ല. ആ ചെറുപ്പക്കാരൻ എന്റെ കവിതകളിൽ പ്രതിപത്തി കാണിച്ചു. എനിക്കയാളെ ഇഷ്ടമായി. സാഹിത്യത്തിലുള്ള അഭിരുചി കണ്ടപ്പോൾ, എന്തെങ്കിലും എഴുതാൻ ഞാനയാളെ പ്രേരിപ്പിച്ചു. 'എനിക്ക് വാസനയില്ല,' അവൻ ആവർത്തിച്ചു പറഞ്ഞു. കവിതാ വാസന! എന്താണാ വാക്കിനർഥം? ഞാൻ ധരിച്ചു വെച്ച അർഥത്തിൽ, അത്രയും കവിതാവാസനയുള്ള ഒരാളെ മാത്രമേ നമ്മുടെ സമകാലികരിൽ ഞാൻ കണ്ടിട്ടുള്ളൂ. അത് മറ്റൊരു മിന്നൽപ്പിണർ പോലെ കണ്ണഞ്ചിച്ചുകൊണ്ട് കടന്നുപോയ ചങ്ങമ്പുഴയാണ്. എന്നിട്ടും ആ വാസന! യുക്തമായ ഇതര സാഹചര്യങ്ങൾ ഇണങ്ങുന്നതുവരെ നാരായണൻ മറച്ചുവച്ചു. ശക്തിയുടെ മറ്റൊരു സ്വഭാവം. നടന്നും വീണും പിടിച്ചു നിന്നും കൊണ്ടല്ല സ്വന്തം കാവ്യശിശു വളരേണ്ടത് എന്നായിരിക്കണം ആ ചെറുപ്പക്കാരന്റെ തീരുമാനം.

അങ്ങനെ, ഞങ്ങൾ പരിചയപ്പെട്ട രണ്ടുകൊല്ലം കഴിഞ്ഞശേഷം, ഒരു സുന്ദരസായാഹ്നത്തിൽ, ഈ മണൽവാരിയിലിരുന്ന അയാൾ എനിക്കൊരു കടലാസ് തന്നു പറഞ്ഞു, 'ഇതൊന്നു നോക്കൂ.' ആദ്യത്തെ കവിത – സംസ്കൃതവൃത്തത്തിലുള്ള കുറച്ചു ശ്ലോകങ്ങൾ. അത് അടുത്ത ദിവസംതന്നെ മാതൃഭൂമി ആഴ്ചപ്പതിപ്പിൽ പ്രസിദ്ധീകരിച്ചു.*

ഒരു വസന്തപൗർണമിയെ ഉദ്ദേശിച്ച് നാരായണനെഴുതിയ കവിതയാണ് എപ്പോഴും എന്റെ ഓർമയിൽ മുന്നിട്ടുനിൽക്കുന്നത്. അതൊരടങ്ങാത്ത അസൂയയോടുകൂടിയേ ഓർക്കാനാവൂ. കുട്ടികൃഷ്ണമാരാരുമായി അപ്പോഴേക്കും ഞങ്ങൾ പരിചയപ്പെട്ടു കഴിഞ്ഞിരുന്നു. രചനാപ്രധാനമായ നിരവധി പാഠങ്ങൾ അദ്ദേഹം ഞങ്ങൾക്കു തന്നുകൊണ്ടിരുന്നു. ഞങ്ങളുടെ കാടത്തം നിറഞ്ഞ രചനാസമ്പ്രദായവും അടക്കവും ഒതുക്കവും ഇല്ലാത്ത വിചാരഗതികളുംകൊണ്ട് കുബ്ജകളായ കവിതകൾ ആ കൂർത്ത വിരലുകളുടെ സ്പർശംകൊണ്ട് സുന്ദരാംഗികളാകുന്ന കാഴ്ച അക്കാലത്തൊക്കെ ഞങ്ങൾ സാത്ഭുതം നോക്കിപ്പഠിക്കുകയാണ്. ഒരഭിനന്ദനവും മാരാരുടെ മുഖത്തുനിന്ന് എനിക്ക് കിട്ടീട്ടില്ല! അഥവാ ജീവിച്ചിരിക്കുന്ന വല്ലവർക്കും അത് കിട്ടിക്കാണുമോ? അക്കാലത്താണ്, നാരായണന്റെ മുമ്പുപറഞ്ഞ വസന്തപൗർണമിയെക്കുറിച്ചുള്ള ഗാനം മാരാർ പരിശോധിച്ച് തിരിച്ചയച്ചത്. ഞാൻ സോൽക്കണ്ഠം അതു നോക്കി. ഒരു സ്ഥലത്ത്, ആ നിരൂപകാഗ്ര്യന്റെ വയലറ്റുമഷിയിലുള്ള അക്ഷരങ്ങൾ ഒരു കീഴ്വരയ്ക്കുനേരെ 'ബലേ ഭേഷ്!' എന്ന കുറിച്ചിരിക്കുന്നു. വരി ഇതാണ്:

'തെന്നലുലയ്ക്കുമിലപ്പഴുതിലൂടെ
വന്നെത്തും വെൺനിലാവുമ്മവെയ്ക്കേ,
നന്മരച്ചോട്ടിൽക്കിടക്കും നിഴലുകൾ
നാണിച്ചങ്ങിങ്ങു തലതിരിച്ചു.'

സത്യം പറയട്ടെ, പി.സി. ചുരുങ്ങിയത് ഒരാഴ്ചക്കെങ്കിലും ഉറങ്ങിയിട്ടുണ്ടാവില്ല, കണ്ണുകടിച്ചിട്ട്!

നനഞ്ഞ കാറ്റ് ശക്തിയായി അടിക്കുന്നു. കുട്ടികൾ വിറയ്ക്കുന്നുണ്ട്. അവരുടെ ചുണ്ടുകൾ കറുത്തിരിക്കുന്നു. അവർ രാവിലെ പന്ത്രണ്ടുമണി മുതൽ കരയുകയാണ്, ജലപാനംപോലും ചെയ്യാതെ തേങ്ങിത്തേങ്ങി നിൽക്കുകയാണ്. ഞാനവരെ എന്റെ അടുത്തു പിടിച്ചിരുത്തി. ഒരു തള്ളക്കോഴി പോലെ അവരെ എന്റെ ദേഹത്തിനുള്ളിലാക്കി ചൂടേൽപ്പിക്കണമെന്നു തോന്നി. പക്ഷേ, അവനോ? അവൻ ചുകന്ന ഞെറികൾ ഉലയുന്ന മഞ്ചലിൽ കിടക്കുകയാണ്. ആ ദേഹത്തിന്ന് ഇനി തണുപ്പില്ല!





കുഴി താണുവരുന്നു. ആ നിശ്ശബ്ദതയിൽ കൈക്കോട്ടുകൊണ്ട് മണൽ കോരുമ്പോഴുള്ള കിരുകിരു ശബ്ദം അസഹ്യതയുണ്ടാക്കിക്കൊണ്ടിരുന്നു.

എന്റെ വിചാരഗതികൾ അപ്പോളവസാനിച്ച ഏതാനും കൊല്ലങ്ങളുടെ മടിക്കുത്തുകളിൽ തിരഞ്ഞുകൊണ്ടിരുന്നു. എന്തിന്?

എന്താണ് ഞങ്ങൾ തമ്മിലുള്ള ബന്ധം? അവൻ കവിത എഴുതി എന്നോ? ഞങ്ങൾ ഒന്നിച്ചിരുന്ന് പലതും പഠിച്ചുവെന്നോ? പോരാ, അതിലുമധികം അയാൾ എനിക്ക് അടുത്തവനായിരുന്നു. ഞാൻ കിടക്കാനൊരു തിണ്ണയില്ലാതെ അലഞ്ഞു നടന്ന കാലത്താണ് ഞങ്ങൾ പരിചിതരായത്. അയാൾ എന്നെ സ്വന്തം വീട്ടിലേക്ക് കൂട്ടി. അവന്റെ അമ്മ, ആ സ്നേഹമയിയായ നിഴൽ, എന്നേയും ഒരു മകനായി സ്വീകരിച്ചു! അവർ ഒരു തെണ്ടിയുടെ അമ്മയാണെന്ന് ആത്മാവിനും ആത്മാവിനുള്ളിൽ സമ്മതിച്ചു. ആ സമ്മതം വരുന്നവരെ അവൻ വാശിപിടിച്ചിട്ടുണ്ടാവും.

ഒരിക്കൽ നാടുവിട്ടുപോവാൻ ഞങ്ങൾ തീർച്ചപ്പെടുത്തി. അമ്മ – അതായിരുന്നു ഒരേ ഒരു പ്രശ്നം. അവൻ അമ്മയോടു പറഞ്ഞു. അവർ കരഞ്ഞിരിക്കും. പക്ഷേ, കാര്യങ്ങളുടെ സ്ഥിതിഗതികൾ അവർ മനസ്സിലാക്കി. ഒടുവിൽ വിറയ്ക്കുന്ന തൊണ്ടയോടുകൂടി ആ മാതാവ് എന്നെ ഏല്പിച്ചു.

'നിങ്ങളുടെ കൂടെയാണെങ്കിൽ അവൻ എവിടേക്കു പോന്നാലും എനിക്ക് സമാധാനക്കേടില്ല.' ഞങ്ങൾ പുലർച്ചെ പുറപ്പെടാൻ തീർച്ചയാക്കി. രാത്രി ഉറങ്ങിയില്ല. പാതിര കഴിഞ്ഞു. പ്രഭാതമടുക്കുന്തോറും ഞങ്ങളുടെ തീരുമാനത്തിന്ന് കനം കുറയുന്നതായി തോന്നി. കാരണം, ആ കുടുംബത്തിന്റെ നെടുംതൂണിനെയാണ് ഞാൻ പുഴക്കിയെടുത്തു പോകേണ്ടത്. എനിക്ക് ഭാരം തോന്നി. പക്ഷേ, പോവുകയേ ഗതിയുള്ളൂ.

പക്ഷേ, പ്രകാശത്തിനുമുമ്പ് അവന്റെ അച്ഛൻ വന്നു. അയാൾ ഏറെക്കാലമായി തമിഴ്നാട്ടിലായിരുന്നു. ആരോഗ്യവും പണവുമില്ലാതെയാണ് അയാൾ തിരിച്ചെത്തിയത്. വന്നിട്ട് അഞ്ചു മിനുട്ടിനുള്ളിൽ ഞങ്ങളുടെ തീരുമാനം അദ്ദേഹം അറിഞ്ഞു. പാവപ്പെട്ട വൃദ്ധൻ! എന്തു ചെയ്യും? കാര്യം തുറന്നുപറഞ്ഞു: പുലർന്നാൽ ഞങ്ങൾക്കവിടെ നിന്നു കൂടാ. 'നിങ്ങൾക്ക് എത്ര സംഖ്യ വേണം മക്കളേ?' ഇരുപത്തഞ്ചുറുപ്പികയേ വേണ്ടൂ. രണ്ടു ചെറുപ്പക്കാർക്ക് നാട്ടിൽ കിടക്കാം. അച്ഛനേയും അമ്മയേയും ശുശ്രൂഷിക്കാം. നയിച്ചു തിന്നാം. പക്ഷേ, ഇരുപത്തഞ്ച് ഉറുപ്പിക! ആ വൃദ്ധൻ വേദനിക്കുന്ന വയർ ഞെക്കിപ്പിടിച്ച് ചുണ്ട് അമർത്തി കടിച്ചുകൊണ്ട് പുറത്തേക്ക് കടന്നു: 'ഞാൻ വന്നിട്ടേ പുറത്തേക്കിറങ്ങാവൂ.'

ആരുടെ അടുത്തോ താൻ പണയം വെച്ചിരുന്ന അമ്മയുടെ പഴയ പണ്ടങ്ങൾ തൂക്കിവിറ്റ സംഖ്യയോടുകൂടി വൃദ്ധൻ പത്തു മണിക്കു മടങ്ങിയെത്തി. 'മക്കളെ, ഇതെടുത്തോളിൻ, ഇനി കുറച്ചേ വേണ്ടൂ. അച്ഛൻ മകന്റെ കൈയിൽ ഒരു പൊതി കൊടുത്തു. ആ തറവാടിന്റെ പഴയ ഐശ്വര്യത്തിന്റെ ഒടുവിലത്തെ തുട്ടും തൂക്കിവിറ്റ കാശ്! അത് പതിനെട്ട് ഉറുപ്പിക പന്ത്രണ്ട് അണയുണ്ടായിരുന്നു.

ഇത്തരം നൂറുനൂറു രംഗങ്ങൾ!

ആ അമ്മയും അച്ഛനും സുദൃഢമായി വിശ്വസിച്ചു. എന്റെ കൈയിൽ ഏല്പിക്കപ്പെട്ട അവരുടെ മകൻ സുരക്ഷിതനാണെന്ന്. കഷ്ടം, ഒടുവിൽ രുഗ്ണശയ്യയിൽ കിടപ്പായപ്പോഴും ചികിത്സയ്ക്ക് കുമരനെല്ലൂരുണ്ടായിരുന്ന ഡോക്ടർ പത്മനാഭനുണ്ണിയുടെ ചികിത്സാലയത്തിലേക്ക് ഞാനവനെ കൊണ്ടുപോകാൻ തുനിഞ്ഞപ്പോഴും, അത്രയും വിശ്വാസത്തോടെ ആ അച്ഛനും അമ്മയും അവരുടെ മകനെ എന്റെ കൈയിൽപ്പിടിച്ച് ഏല്പിച്ചു. മെലിഞ്ഞ ആ കൈ പിടിച്ച് ഞാൻ മെല്ലെ പടിയിറങ്ങി. എന്നിട്ടോ, ഈ മഞ്ചലിൽ വെറുങ്ങലിച്ചു കിടക്കുന്ന ആ നിഴൽ മാത്രമാണ് ആ തറവാട്ടിലേക്കിന്ന് മടങ്ങിച്ചെന്നത്! ഞാൻ എല്ലാം കളഞ്ഞുകുളിച്ചു. ഇനി കുറച്ചു നിമിഷം മാത്രം. ഞങ്ങൾ പിരിയുകയായി! ഞങ്ങളെ അടുപ്പിച്ചതും ഞങ്ങൾ അന്യോന്യം അറിഞ്ഞതും ഞങ്ങളുടെ കൈകൾ സുദൃഢമായതുമായ ഈ മണൽപ്പുറത്തുവെച്ചു തന്നെ ഒടുക്കത്തെ യാത്ര പറയലും വേണ്ടിവന്നു.

അനാഥമായ ലോകം!!

കുഴിയിൽ മരപ്പലക കൂട്ടി മഞ്ചമടിച്ചു കഴിഞ്ഞു. സപ്തമിചന്ദ്രന്റെ വളഞ്ഞകല വാരുണിയിലേക്ക് താണിറങ്ങുംതോറും ഭീഷണവും രക്തവുമായിരിക്കുന്നു. ഞങ്ങൾ മഞ്ചലിൽനിന്ന് ആ ദേഹം താങ്ങിയെടുത്തു. കുട്ടികൾ! അവരുടെ ആത്മാവിൽനിന്നുയർന്ന തേങ്ങലുകളെ വിഴുങ്ങാനാവാതെ വിതുമ്പുകയാണ്. അവർ പടിഞ്ഞാട്ടു നടന്നു. ആ നേർത്ത മഞ്ഞിലൂടെ, താണവെളിച്ചത്തിൽ ഞങ്ങൾ കുഴി പ്രദക്ഷിണം വെച്ചു. ആ ധവളധവളമായ ദേഹം മന്ദമന്ദം താഴ്ത്തപ്പെട്ടു, ശാശ്വതശാന്തിയുടെ മൃദുലവീചികളിലേക്ക്. ആ ദിവ്യകോകിലത്തിന്റെ ഈ വരികൾ എന്റെ മനസ്സിലുദിച്ചു.





‘ഔന്നത്യസഹജമാമാന്ധ്യകർദ്ദമം കാണി-
ല്ലന്നത്തൂവെൺ തൂവൽപോലുമാമെന്നാത്മാവിൽ.’

ഹാ! ആർക്കുണ്ട്, സ്വന്തം നൈർമല്യത്തെപ്പറ്റി ഇത്രയും ആത്മവിശ്വാസം!

സുഹൃത്തേ, നമസ്കാരം, ഇവിടെവെച്ച് ഞാൻ മടങ്ങണം, ആ അച്ഛന്റെയും അമ്മയുടെയും അടുത്തേക്ക്!

**ഈ തീയതിയും ‘ഇ. നാരായണൻ’ എന്ന ലേഖനത്തിൽ കൊടുത്ത തീയതിയും തമ്മിൽ അല്പം പൊരുത്തക്കേടുണ്ട്. ഏതാണ് കൃത്യമായതെന്നറിഞ്ഞുകൂടാ. രണ്ടിടത്തും തിരുത്താൻ നിന്നിട്ടില്ല: അതേപടി കൊടുക്കുകയാവും ഉചിതമെന്നു തോന്നിയതിനാൽ അങ്ങനെ ചെയ്യുന്നു.*

**ഇവിടെ അതിൽനിന്ന് ഒരു ശ്ലോകം ഉദ്ധരിക്കാൻ ഇടശ്ശേരി വിചാരിച്ചിരുന്നു. പക്ഷേ, കൈയെഴുത്തു പ്രതിയിൽ അതു ചേർത്തുകണ്ടില്ല. പിന്നീട് എഴുതിച്ചേർക്കാൻ വിട്ടതാവണം.*

*ഡോക്ടർ കണ്ടമ്പുള്ളി മാധവനുണ്ണി എന്ന് കൈയെഴുത്തുപ്രതിയുടെ അടിയിൽ കുറിച്ചിരിക്കുന്നു. അദ്ദേഹത്തിന് അയച്ചുകൊടുത്തു എന്നാവാം. ഇതെന്നെഴുതി എന്നറിഞ്ഞുകൂടാ. എവിടെയെങ്കിലും പ്രസിദ്ധീകരിച്ചിട്ടുണ്ടോ എന്നും അറിഞ്ഞുകൂടാ, ചങ്ങമ്പുഴയ്ക്ക് ശേഷമായതിനാൽ കാലം 1947-നു മുമ്പല്ല എന്നു മാത്രം പറയാം.*